DESPATCHED
On 08/06/2020

27/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.398(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.2517/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജയ്ഫർ കോട്ടക്കാരൻ,
കോട്ടക്കാരൻ ഹൗസ്,
പഴമള്ളൂർ പി.ഒ.,
മലപ്പുറം – 676 506. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   കുറുവ ഗ്രാമപഞ്ചായത്ത്,
   പടപ്പറമ്പ്, പി.ഒ. വറ്റലൂർ – 676 507,
   മക്കരപ്പറമ്പ, മലപ്പുറം.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/09/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13/10/2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/11/2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15/12/2014 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 11/02/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 18/02/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/03/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/03/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയ്ഫർ കോട്ടക്കാരൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി നൽകിയില്ല എന്നും വിവരങ്ങൾ ക്രോഡീകരിച്ചു നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നാണ് അറിയിച്ചതെന്നും മറ്റുമാണ്.

2. അപ്പീൽ ഹർജിക്കാരൻ, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കുറുവ ഗ്രാമപഞ്ചായത്ത് ബോർഡ് നിലവിൽ വന്നതിനുശേഷം നാളിതുവരെ ചേർന്ന പഞ്ചായത്ത് ബോർഡ് മീറ്റിംഗുകളുടെ എണ്ണവും തീയതിയും അറിയിക്കണമെന്നും, മെമ്പർമാരുടെ ഹാജർ നില ഓരോ മീറ്റിംഗിലേയും വേർതിരിച്ചു അറിയിക്കണമെന്നും, ഓരോ മീറ്റിംഗിലും അദ്ധ്യക്ഷ സ്ഥാനം വഹിച്ച അംഗത്തിന്റെ പേരും പദവിയും വർഷം തിരിച്ച് അറിയിക്കണമെന്നും ബോർഡ് മീറ്റിംഗ് നടന്ന വർഷം, സ്ഥലം എന്നിവ അറിയിക്കണമെന്നും

ii. മേൽപ്പടി പഞ്ചായത്തിൽ നാളിതുവരെ അനുവദിച്ച ഹെൽത്ത് സെന്റർ, ഹോമിയോ ആയുർവേദ ആശുപത്രികൾ 2011–12, 2012–13 2013–14 എന്നീ വർഷങ്ങളിൽ ഓരോന്നിനും അനുവദിച്ച അടങ്കൽ തുക, പ്രവൃത്തിയുടെ സ്വഭാവം, നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും പദവിയും, ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് രേഖകളുടെ പകർപ്പുകൾ, ആശുപത്രികൾ സ്ഥിതി ചെയ്യുന്ന സ്ഥലം, വാർഡ് എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ടിരുന്നത് നിലവിലെ പഞ്ചായത്ത് ബോർഡ് മീറ്റിംഗിന്റെ വിവരമാണെന്നും പകർപ്പുകൾ ആവശ്യപ്പെട്ടിട്ടില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട എസ്റ്റിമേറ്റിന്റെ പകർപ്പുകൾ നൽകേണ്ടതാണെന്നും എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് നൽകേണ്ടതാണെന്നും ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും എന്നാൽ മേൽപ്പടി വിവരങ്ങൾ നേരിൽ ഹാജരായി പരിശോധന നടത്തുന്നതിലേയ്ക്കായി തീയതിയും സമയവും നിശ്ചയിച്ച് അറിയിപ്പ് നൽകണമെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, രണ്ടാം എതിർകക്ഷിയുടെ അപ്പീൽ ഉത്തരവുപ്രകാരം ഹർജിക്കാരന് രജിസ്റ്റേർഡ് തപാലായി വിവരങ്ങൾ അയച്ചു നൽകിയിട്ടുള്ളതാണെന്നാണ്.

4. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 27–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM